പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1536 — 21/01/2014-ലെ മറുപടിക്ക്

## പാൽ ഉത്പാദനം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. ബി. ഡി. ദേവസി | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

(എ) പാൽ ഉല്പാദനം അനുദിനം കുറഞ്ഞു വരുന്നതായി അറിയാമോ ;

(എ) ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പാലുല്പാദനം കൂടി വരികയാണ്. എന്നാൽ അടുത്ത കാലത്തായി കുളമ്പുരോഗം മൂലം ചില ജില്ലകളിൽ പാലുല്പാദനത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി) ഇതുമൂലം പാലിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതും ഇത്തരം പാലിന്റെ ഗുണമേന്മയെക്കുറിച്ച് പരാതികൾ നിലനിൽക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലുല്പാദനത്തിൽ കാര്യമായ കുറവില്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളെ അധികമായി ആശ്രയിക്കേണ്ടിവരുന്നില്ല. മിൽമ അന്യസംസ്ഥാനങ്ങളിലെ സഹകരണ ഡയറികളിൽ നിന്നും FSSA ലൈസൻസ് ഉള്ള ഡയറികളിൽ നിന്നുമാണ് പാൽ സംഭരിക്കുന്നത്. ഗുണമേന്മ സംബന്ധിച്ച് പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ എത്രലക്ഷം ക്ഷീരോല്പാദകരുണ്ടെന്നും ഒടുവിലത്തെ വാർഷിക ഉല്പാദനം എത്രയാണെന്നും വിശദമാക്കാമോ; ഇവ മുൻപത്തെ അഞ്ചുവർഷത്തെ സ്ഥിതി വിവര കണക്കുകളുമായി താരതമ്യം ചെയ്ത് വിശദമാക്കാമോ ;

(സി) ക്ഷീര സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർ പാലളക്കുന്ന 2.5 ലക്ഷം ക്ഷീരകർഷകർ ഉൾപ്പെടെ സംസ്ഥാനത്ത് 8 ലക്ഷത്തോളം ക്ഷീരകർഷകർ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. വാർഷികോല്പാദനം 29.4 ലക്ഷം മെട്രിക് ടണ്ണായും കണക്കാക്കിയിട്ടുണ്ട്.

| വർഷം | പാലുല്പാദനം (ലക്ഷം മെട്രിക് ടൺ) |
|---|---|
| 2008 – 09 | 24.51 |
| 2009-10 | 25.37 |
| 2010-11 | 26.43 |
| 2011-12 | 27.16 |
| 2012-13 | 29.40 |

| | | |
|---|---|---|
| ഡി | ക്ഷീരകർഷകർ പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിന് മുന്നോട്ടുവച്ച ആവശ്യങ്ങൾ അംഗീകരിക്കുമോ ? | (ഡി) കാലാകാലങ്ങളായി ക്ഷീരകർഷകർ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പാലുല്പാദന വർദ്ധനവിനും, ക്ഷീരകർഷകരുടെ ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ